"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - പൂർണ്ണ അധിക ചുമതല നൽകിയത് - സാധൂകരണം നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 4999/2026/ധന** **തീയതി, തിരുവനന്തപുരം, 16/06/2026**

പരാമർശം :- 1.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 05/05/2026 -ലെ ഡി.കെ.എസ്.എ 10/എസ്റ്റാ.1/2026(7) നമ്പർ നടപടിക്രമം.
2.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 05/05/2026 -ലെ ഡി.കെ.എസ്.എ 10/എസ്റ്റാ.1/2026(8) നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ശുചിത്വ മിഷൻ ഓഡിറ്റ് കാര്യാലയത്തിലെ ഓഫീസ് മേധാവിയായ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. സജികുമാർ. ജി പരിവർത്തിതാവധിയിൽ പ്രവേശിച്ച സാഹചര്യത്തിൽ പ്രസ്തുത കാര്യാലയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല കൈകാര്യം ചെയ്യുവാൻ ഐ.എച്ച്.ആർ.ഡി-എൽ.ബി.എസ്.ഐ.ഡി ഓഡിറ്റ് കാര്യാലയത്തിലെ സീനിയർ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. പ്രതാപ് കുമാർ ആർ നെ ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഈ നടപടിയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (2) -ലെ കത്ത് പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ശുചിത്വ മിഷൻ ഓഡിറ്റ് കാര്യാലയത്തിലെ ഓഫീസ് മേധാവിയായ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. സജികുമാർ.ജി പരിവർത്തിതാവധിയിൽ പ്രവേശിച്ച സാഹചര്യത്തിൽ ഐ.എച്ച്.ആർ.ഡി-എൽ.ബി.എസ്.ഐ.ഡി ഓഡിറ്റ് കാര്യാലയത്തിലെ സീനിയർ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. പ്രതാപ് കുമാർ ആർ ന്, ശുചിത്വ മിഷൻ ഓഡിറ്റ് കാര്യാലയത്തിലെ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല നൽകിയ ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ജെന്നി പാപ്പച്ചൻ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ തിരുവനന്തപുരം.
ശ്രീ. പ്രതാപ് കുമാർ. ആർ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ (കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മുഖേന)
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഇ : 3519600/എസ്റ്റാ -ഡി4/50/2026-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ